പത്രക്കുറിപ്പ്
22-9-20

## ഉഗാണ്ടയിലെ ഗ്രാമീണ വനിതകൾക്ക് കാർഷിക മേഖലയിൽ സംരംഭകത്വ പരിശീലനം നൽകാൻ കുടുംബശ്രീ

തിരുവനന്തപുരം: ആഫ്രിക്കൻ രാജ്യമായ ഉഗാണ്ടയിലെ ഗ്രാമീണ വനിതകൾക്ക് കാർഷിക മേഖലയിൽ വരുമാനദായക തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന്റെ ഭാഗമായി മികച്ച രീതിയിലുള്ള സംരഭകത്വ പരിശീലനം നൽകുന്നതിന് സംസ്ഥാന ദാരിദ്ര്യ നിർമാജന മിഷനായ കുടുംബശ്രീക്ക് ക്ഷണം. ഇക്കഴിഞ്ഞ മാർച്ചിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ മാനേജ്മെന്റ് ഹൈദരബാദ് യു.എസ്.എയ്ഡ് എന്നിവയുടെ നേതൃത്വത്തിൽ ആഫ്രിക്കൻ രാജ്യങ്ങളിലെ കൃഷി ജലസേചനം മൃഗസംരക്ഷണ വകുപ്പുകളിൽ നിന്നെത്തിയ 26 ഉന്നതതല ഉദ്യോഗസ്ഥ സംഘത്തിന് കുടുംബശ്രീ പതിനഞ്ചു ദിവസത്തെ പരിശീലനം നൽകിയിരുന്നു. ഇതിന്റെ തുടർച്ചയായാണ് ഇപ്പോൾ ഉഗാണ്ടയിലെ ഗ്രാമീണ വനിതകൾക്കും കൃഷിയും കാർഷിക സംരംഭങ്ങളും തുടങ്ങുന്നതിനുള്ള പരിശീലനം നൽകാൻ കുടുംബശ്രീ അവിടേക്കു പോകുന്നത്.

സ്ത്രീകളെ സാമൂഹ്യമായും സാമ്പത്തികമായും ശാക്തീകരിക്കുന്ന കുടുംബശ്രീ പ്രവർത്തനങ്ങൾ തങ്ങളുടെ രാജ്യത്തെ പ്രവർത്തനങ്ങൾക്ക് മാതൃകയാക്കുന്നതിന്റെ ഭാഗമായാണ് പരിശീലന പരിപാടിക്കായി കുടുംബശ്രീക്ക് ഉഗാണ്ടയിൽ നിന്നും ക്ഷണം ലഭിച്ചിട്ടുള്ളത്. ഇതു പ്രകാരം ഉഗാണ്ടയിലെ ഗ്രാമീണ മേഖലയിലെ വനിതകളുടെ സംരംഭകത്വ വികസനത്തിനായി കുടുംബശ്രീ പത്തു ദിവസത്തെ പരിശീലനം നൽകും.

കാർഷിക മേഖലയിൽ കുടുംബശ്രീ മുഖേന നടപ്പാക്കുന്ന വിവിധ പദ്ധതികൾ മൂല്യവർധിത ഉൽപന്നങ്ങളുടെ ഉൽപാദനവും വിതരണവും സംരംഭകരുടെ കൂട്ടായ്മകളായി രൂപീകരിക്കുന്ന കൺസോർഷ്യങ്ങളും അവയുടെ പ്രസക്തിയും കൃഷിയുമായി ബന്ധപ്പെട്ട നൂതന ആശയങ്ങൾ എന്നിവയെ കുറിച്ചും കുടുംബശ്രീ വിശദമായ പരിശീലന ക്ളാസുകൾ നൽകും. കേരളത്തിലെ സാധാരണക്കാരായ വനിതകൾക്ക് മികച്ച രീതിയിൽ സംരംഭകത്വ പരിശീലനം നൽകി കാർഷിക സൂക്ഷ്മസംരംഭ മേഖലയിൽ മുപ്പതിനായിരത്തിലേറെ സംരംഭങ്ങൾ രൂപീകരിച്ച കുടുംബശ്രീയുടെ വിജയാനുഭവങ്ങൾ ഉഗാണ്ടയിലെ പരിശീലനത്തിനു സഹായകമാകും.

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ മാനേജ്മെന്റ് ഹൈദരബാദ് -മാനേജിന്റെയും യു.എസ്.എയ്ഡിന്റെയും നേതൃത്വത്തിൽ ഇക്കഴിഞ്ഞ മാർച്ചിൽ ലൈബീരിയ ഉഗാണ്ട ഘാന അഫ്ഗാനിസ്ഥാൻ മംഗോളിയ മലാവി കെനിയ മൊസാമ്പിയ തുടങ്ങിയ രാജ്യങ്ങളിൽ നിന്നുമുള്ള 26 അംഗ സംഘം പതിനഞ്ചു ദിവസത്തെ പഠന സന്ദർശനത്തിനായി കേരളത്തിൽ എത്തിയിരുന്നു. ഇവർക്ക് പരിശീലനം നൽകുന്നതിനായി കുടുംബശ്രീ കിലയെ തിരഞ്ഞെടുക്കുകയായിരുന്നു. കുടുംബശ്രീ നൽകിയ പരിശീലന പരിപാടിയിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടാണ് തങ്ങളുടെ രാജ്യത്തെ ഗ്രാമീണ വനിതകൾക്ക് പരിശീലനം നൽകാൻ കുടുംബശ്രീയെ ക്ഷണിച്ചിട്ടുള്ളത്.

എക്സിക്യൂട്ടീവ് ഡയറക്ടർ

കുടുംബശ്രീ